(എ) കുഴൽമന്ദം മണ്ഡലത്തിലെ തരൂർ II വില്ലേജിലെ ശുദ്ധജല വിതരണ പദ്ധതി നടപ്പിലാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് എന്തെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു ;

(സി) പ്രസ്തുത ശുദ്ധജലവിപുലീകരണ പദ്ധതി ഇപ്പോൾ ഏത് ഘട്ടംവരെയെത്തിയെന്നും പണി ത്വരിതപ്പെടുത്തുവാൻ നടപടികൾ സ്വീകരിച്ചോ എന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) തരൂർ I, കുത്തന്നൂർ I/II പെരിങ്ങോട്ടുകുറിശ്ശി I/II എന്നീ വില്ലേജുകൾക്കുവേണ്ടി ഭാരതപ്പുഴ സ്രോതസായി ഒരു സംയോജിത ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതിയുടെ പ്രാഥമിക എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കി സർവ്വേ ജോലികൾ പൂർത്തീകരിച്ച് ഡിസൈൻ ജോലികൾ ചെയ്തുകൊണ്ടിരിക്കുകയാണ്. തരൂർ II വില്ലേജിനുവേണ്ടി ഗായത്രിപുഴ സ്രോതസായുള്ള 275 ലക്ഷം രൂപ മതിപ്പുചെലവ് പ്രതീക്ഷിക്കുന്ന ഒരു എ.ആർ.പി. പദ്ധതിയുടെ വിശദ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കുകയും പ്രസ്തുത പദ്ധതിക്ക് എ. ആർ. പി. കമ്മിറ്റിയുടെ അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്.

(സി) ഷെഡ്യൂൾ ഓഫ് റേറ്റിൽ മാറ്റം വന്നതിനാൽ പുതുക്കിയ നിരക്ക് വച്ച് എസ്റ്റിമേറ്റ് തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്.

ആലപ്പുഴ ജില്ലയിലെ ശുദ്ധജലവിതരണ സംവിധാനങ്ങൾ

51 (1718) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആലപ്പുഴ ജില്ലയിലെ ഓരോ നിയോജകമണ്ഡലത്തിലും നടപ്പാക്കിയ ശുദ്ധജലവിതരണ സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കുമോ ;

(ബി) ഇതിനായി ഓരോ മണ്ഡലത്തിലും ചെലവഴിച്ച തുക എത്ര വീതമാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) ആലപ്പുഴ ജില്ലയിലെ ഓരോ നിയോജകമണ്ഡലത്തിലും നടപ്പാക്കിയ ശുദ്ധജലവിതരണ സംവിധാനങ്ങൾ, ചെലവഴിച്ച തുക എന്നീ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. *

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട് .

LIBRARY ARCHIVES Kerala Legislative Assembly